..04/12/21...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1400*(2)/2019/*** *എസ്.ഐ.സി.*തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **9184** */എസ്.ഐ.സി-ജി 6/2019)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എ.കെ. മുഹമ്മദ് അഷ്റഫ്,
സ്റ്റേറ്റ് ജനറൽ സെക്രട്ടറി,
ജനമിത്രം കുടുംബക്ഷേമ നീതിവേദി,
അബ്ബാ ആർക്കേഡ്, ഈസ്റ്റ് കോട്ടപ്പറമ്പ്,
കോഴിക്കോട് – 673 001. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ, പുതുപ്പാടി വില്ലേജ് ഓഫീസ്, പുതുപ്പാടി (പി.ഒ), കോഴിക്കോട് – 673 586.
2. അപ്പീൽ അധികാരി & തഹസിൽദാർ(ഭൂരേഖ), താലൂക്ക് ഓഫീസ്, താമരശ്ശേരി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07/12/2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 10/01/2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 22/01/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 25/02/2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 27/05/2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 29/05/2019 |
| ഹിയറിംഗ് നടന്ന തീയതി | 06.11.2021 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.കെ. മുഹമ്മദ് അഷ്റഫ് 27/05/2019 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 29.05.2019 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1400(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, രണ്ടാം എതിർകക്ഷി ഉത്തരവിട്ടിട്ടും ഒന്നാം എതിർകക്ഷി ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. അപ്പീൽ ഹർജിക്കാരൻ 07/12/2018-ൽ സമർപ്പിച്ച അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 10/01/2019-ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്, പുതുപ്പാടി വില്ലേജ് ഭൂരേഖാ കമ്പ്യൂട്ടർവൽക്കരണപ്രകാരം കമ്പ്യൂട്ടറിൽ സൂക്ഷിച്ചിട്ടുള്ളതുമായ പ്രസ്തുത സർവ്വെ നമ്പറുകളുടെ ലഭ്യമായ വിവരങ്ങൾ സി.ഡിയിലാക്കി വിവരാവകാശ നിയമപ്രകാരമുള്ള നിശ്ചിത ഫീസായ 50/- രൂപ ഒടുക്കി സി.ഡി ടി ഓഫീസിൽ നിന്നും കൈപ്പറ്റാവുന്നതാണെന്നാണ്.

4. ഹർജിക്കാരന്റെ 22/01/2019-ലെ അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി 24/01/2019-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 26/10/2019 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷകൻ വിവരാവകാശ നിയമപ്രകാരം പുതുപ്പാടി വില്ലേജ് ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ 10/12/2018 തീയതി അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും പ്രസ്തുത അപേക്ഷയ്ക്ക് സമയബന്ധിതമായി വില്ലേജ് ഓഫീസർ 10/01/2019 തീയതി മറുപടി നൽകുകയും അപേക്ഷകൻ ആവശ്യപ്പെട്ട ഭൂരേഖാ കമ്പ്യൂട്ടർ വൽക്കരണപ്രകാരം കമ്പ്യൂട്ടറിൽ സൂക്ഷിച്ചിട്ടുള്ളതുമായ വിവരങ്ങൾ(സോഫ്റ്റ് കോപ്പി) സി.ഡി-യിലാക്കി നൽകുകയും ചെയ്തിട്ടുണ്ടെന്നും, ടി മറുപടിക്കെതിരെ അപേക്ഷകൻ അപ്പീൽ അധികാരിയായ ഭൂരേഖാ തഹസിൽദാർ മുമ്പാകെ 24/01/2019 തീയതി അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ പരിഗണിച്ച് 13/02/2019 തീയതി അപേക്ഷകനെ വിചാരണ ചെയ്യുന്നതിനായി നോട്ടീസ് അയക്കുകയും, അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും നൽകാൻ വില്ലേജ് ഓഫീസർ, പുതുപ്പാടിക്ക് നിർദ്ദേശം നൽകുകയും എന്നാൽ അപേക്ഷകൻ വിചാരണയ്ക്ക് ഹാജരായില്ലെന്നും,

പുതുപ്പാടി വില്ലേജ് ഓഫീസർ 12/02/2019 തീയതി സമർപ്പിച്ച റിപ്പോർട്ടും വിവരാവകാശ അപേക്ഷയ്ക്ക് കക്ഷിയ്ക്ക് നൽകിയ മറുപടിയും പരിശോധിച്ച്, വില്ലേജ് ഓഫീസിലെ എ, ബി, രജിസ്റ്ററിൽ ഓരോ വ്യക്തിയുടെയും ആധാരം രേഖപ്പെടുത്തിയിട്ടില്ലാത്തതും ആധാരം, പട്ടയം എന്നിവയുടെ നമ്പറുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത നമ്പറുകൾ വിവരാവകാശ നിയമപ്രകാരം കക്ഷി ആവശ്യപ്പെടുന്ന പക്ഷം കക്ഷിക്ക് ലഭ്യമാക്കേണ്ടതാണെന്ന് വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് 25/02/2019 തീയതി അപ്പീൽ തീർപ്പാക്കിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണെന്നും ടി ഉത്തര വിന്റെ പകർപ്പ് അപേക്ഷകനും പുതുപ്പാടി വില്ലേജ് ഓഫീസർക്കും നൽകിയിട്ടുള്ളതാ ണെന്നും പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്. ടി കേസ്സിൽ വിവരാവകാശ ഓഫീസ റുടെയോ അപ്പീൽ അധികാരിയുടെ ഭാഗത്തു നിന്നോ യാതൊരു വിധത്തിലുള്ള മന:പൂർവ്വ മായ വീഴ്ച്ചയും കാലതാമസവും ഉണ്ടായിട്ടില്ലെന്നും ഒന്നാം അപ്പീൽ പരാതി യഥാവിധി തീർപ്പുകൽപ്പിച്ചിട്ടുണ്ടെന്നുമാണ്.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ലഭ്യമായ മുഴുവൻ വിവരങ്ങളും രണ്ട് മാസത്തിനുള്ളിൽ അപേക്ഷകന് നൽകണമെന്നു ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദശം നൽകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം **2021 നവംബർ 06–ാം** തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV